(ബി) അതുമൂലം ഈടാക്കാതെ തടഞ്ഞ് വച്ചിട്ടുള്ള ആദായ നികുതി എത്ര രൂപയുടെതാണ് ?

ഉത്തരം

(എ, ബി) 1985-86 സാമ്പത്തിക വർഷത്തിൽ 282 കേസുകളിൽ 6,32,94,698 രൂപയുടെ കാർഷികാദായ നികുതിയ്ക്കാണ് തവണ അനുവദിച്ചത്. 1986-87-ലെ വിവരങ്ങൾ ശേഖരിച്ചു വരുന്നു.

കെട്ടിടനികുതിയിനത്തിൽ ലഭിച്ച തുക

638 [861] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1985-86 സാമ്പത്തികവർഷത്തിൽ കെട്ടിടനികുതിയിനത്തിൽ ലഭിച്ച തുക എത്ര ;

(ബി) ജില്ലതിരിച്ച് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) 1,33,29,471.31 രൂപ.

(ബി)

തിരുവനന്തപുരം	13,73,201.33
കൊല്ലം	6,33,057.22
പത്തനംതിട്ട	8,28,611.70
ആലപ്പുഴ	1,06,734.96
കോട്ടയം	7,83,395.79
ഇടുക്കി	82,135.35
എറണാകുളം	38,51,843.49
തൃശ്ശൂർ	12,95,988.25
പാലക്കാട്	4,62,445.72
മലപ്പുറം	5,86,375.80
കോഴിക്കോട്	20,39,819.38
വയനാട്	2,98,589.15
കണ്ണൂർ	8,32,829.19
കാസർഗോഡ്	3,74,523.98
ആകെ	1,33,29,471.31

ചുടുകല്ലിന് നികുതി ഇളവ്

639 [862] ശ്രീ. എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ ചുടുകൽ നിർമ്മാണ തൊഴിലുടമകൾക്കും തൊഴിലാളികൾക്കും ഒരടിയന്തിര സഹായം എന്ന നിലയ്ക്ക് ഇവിടെ നിർമ്മിക്കുന്ന ചുടുകല്ലിന് ഇപ്പോൾ ഈടാക്കി വരുന്ന നികുതി ഇളവ് ചെയ്യാൻ നടപടി സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഗവൺമെൻറ് മന്ദിരങ്ങൾക്കും കൺസ്ട്രക്ഷൻ കോർപ്പറേഷൻ നിർമ്മിക്കുന്ന കെട്ടിടങ്ങൾക്കും സംസ്ഥാനത്തു നിർമ്മിക്കുന്ന ചുടുകല്ല് ഉപയോഗിക്കണമെന്ന് നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) ഇക്കാര്യം ഗവൺമെൻറ് പരിശോധിച്ചു വരികയാണ്.
(ബി) ഈ നിർദ്ദേശം പ്രായോഗികമാണോ എന്നു പരിശോധിക്കാം.

ഔട്ട് ബോർഡ് എഞ്ചിന് ഈടാക്കുന്ന വിൽപ്പന നികുതി

640 [863] ശ്രീ. വി. ദിനകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഔട്ട് ബോർഡ് എഞ്ചിന് ഈടാക്കുന്ന വിൽപ്പന നികുതി കുറവ് ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്ത് നടപടി സ്വീകരിച്ചു എന്നു വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) നിവേദനം ഗവൺമെൻറ് പരിശോധിച്ചു വരുന്നു.

ബാലുശ്ശേരിയിൽ ഒരു സബ് ട്രഷറി

641 [864] ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരിയിൽ ഒരു സബ് ട്രഷറി സ്ഥാപിക്കുന്നത് സംബന്ധിച്ച് ഗവൺമെൻറിന് എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ട്രഷറി സ്ഥാപിക്കുവാൻ വേണ്ട നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇക്കാര്യം പരിശോധിച്ച് വേണ്ട തീരുമാനം എടുക്കുന്നതാണ്.

642 [865] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1985-86 നേക്കാൾ 1986-87-ൽ ഏതെല്ലാം ഇനത്തിൽ വരുമാനവും വിഭവസമാഹരണവും വർദ്ധിപ്പിക്കുവാനും അതുമൂലം എത്ര സംഖ്യ കൂടുതൽ ഓരോ ഇനത്തിൽ നേടാനും ഉദ്ദേശിക്കുന്നുണ്ട് ;

(ബി) കേന്ദ്രത്തിൽനിന്ന് എന്തെല്ലാം കൂടുതൽ സഹായം നാളിതു വരെ നേടാൻ സാധിച്ചു ?

ഉത്തരം

(എ) 1986-87-ൽ കേന്ദ്രത്തിൽനിന്നും ലഭിക്കേണ്ട ഇനങ്ങൾ ഒഴികെ താഴെ പറയുന്ന ഏതാനും പ്രധാനപ്പെട്ട ഇനങ്ങളിൽ 1985-86 നേക്കാൾ അധിക വരുമാനം ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly